# പാണക്കാട് ആറ്റക്കോയ തങ്ങൾ ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിയോ?

സയ്യിദ് അഷ്റഫ്

മമ്പുറം തങ്ങന്മാർക്ക് ശേഷം മലബാറിലെ മുസ്‌ലിം സമുദായത്തിന് നേതൃത്വം നൽകുന്നതിൽ വലിയ പങ്കുവഹിച്ച വ്യക്തിയാണ് പാണക്കാട് ആറ്റക്കോയ തങ്ങൾ. ബ്രിട്ടീഷുകാർക്കെതിരെ മുസ്‌ലിംകളെ സംഘടിപ്പിച്ചതിൽ അറസ്റ്റു ചെയ്യപ്പെട്ട പാണക്കാട് ആറ്റക്കോയ തങ്ങൾ ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിയ ഒരു കത്ത് പ്രത്യക്ഷപ്പെട്ടുകയുണ്ടായി. രേഖകളിൽ അങ്ങനെ ഒരു കത്ത് കിടക്കുന്നത് ശരി തന്നെയാണ്, എന്നാൽ ആരാണ് ഈ കത്ത് എഴുതിയതെന്നോ എവിടെ നിന്നാണ് ഇത് കിട്ടിയതെന്നോ തെളിവില്ല. ഈ കത്ത് പാണക്കാട് ആറ്റക്കോയ തങ്ങളുടേതല്ല എന്നതിന് ധാരാളം തെളിവുകൾ ഈ കത്തിൽ തന്നെയുണ്ട്. മാത്രമല്ല ആറ്റക്കോയ തങ്ങളുടെ കേസിന്റെ വിചാരണാ രേഖകളിൽ ഇങ്ങനെ ഒരു കത്തില്ല. ഈ കത്തിലെ കയ്യക്ഷരം ഒരു ഔദിയോഗിക സ്റ്റൈബറുടെതാണ്. എല്ലാ കൊളോണിയൽ രേഖകളിലും അപേക്ഷകന്റെ പേരും ഒപ്പും ഉണ്ടായിരിക്കും, അല്ലെങ്കിൽ പേരിനടിയിൽ ഒപ്പ് എന്ന് എഴുതിയിരിക്കും. ഈ കത്തിൽ അങ്ങിനെ ഒരു ഒന്ന് ഇല്ലെന്നിരിക്കെ ഇത് ആറ്റക്കോയ തങ്ങളുടെ കത്തല്ല എന്നത് വ്യക്തമാണ്.

മമ്പുറം തങ്ങളെ മക്കയിലേക്ക് നാട്ടുകടത്താൻ ബ്രിട്ടീഷുകാർ നിരവധി തവണ ശ്രമിച്ചിട്ടുണ്ട്, മകൻ സയ്യിദ് ഫസൽ തങ്ങൾ ഹജ്ജിന് പോയി തിരിച്ചുവരുമ്പോൾ ബ്രിട്ടീഷുകാർ മലബാറിലേക്ക് പ്രവേശിക്കാൻ അനുമതി നൽകിയില്ല. ഈ കത്തിൽ പറയുന്നത് പോലെ ആറ്റക്കോയ തങ്ങൾ മക്കയിലേക്ക് പോകാൻ തയ്യാറാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ബ്രിട്ടീഷുകാരെ സംബന്ധിച്ചിടത്തോളം ഒരു സുവർണാവസരമാണ്. അങ്ങിനെ വരുമ്പോൾ എന്തുകൊണ്ട് അവരത് സ്വീകരിച്ചില്ല?

ഈ കത്തിലെ ഒരു വലിയ മണ്ടത്തരം ആറ്റക്കോയ തങ്ങൾ ഈസാനബിയെ സാക്ഷ്യപ്പെടുത്തി സത്യം ചെയ്യുന്ന എന്നതാണ്. ഒരു ഇസ്‌ലാം മത വിശ്വാസിയും ഇത്തരത്തിൽ സത്യം ചെയ്യുന്നവരല്ല. അങ്ങിനെ ഒരു നാട്ടുനടപ്പുമില്ല. ഇതിൽ നിന്ന് ചില കാര്യങ്ങൾ വ്യക്തമാണ്, ഒന്ന് ഈ കത്തെഴുതിയയാൾ ഇസ്‌ലാം

മത വിശ്വാസിയായിരിക്കില്ല. രണ്ട് ആറ്റക്കോയ തങ്ങൾ ഇങ്ങനെ ഒരു സത്യം ചെയ്യില്ല.

കോഴിക്കോട് കളക്ടർ സായിപ്പിന് എഴുതിയ ഈ കത്ത് ഈ കത്തിന് മറുപടി എഴുതിയതായും രേഖകളിലില്ല. ഇങ്ങനെ ഒരു മാപ്പ് എഴുതിയിട്ടുണ്ടെങ്കിൽ അദ്ദേഹം ജയിൽ മോചിതനാകേണ്ടതായിരുന്നു. അതുണ്ടായില്ലെന്ന് മാത്രമല്ല ജയിലിൽ കിടന്നാണ് ആറ്റക്കോയ തങ്ങൾ മരണപ്പെടുന്നത്. ദുരുദ്ദേശപരമായി ആറ്റക്കോയ തങ്ങൾക്കെതിരെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ബ്രിട്ടീഷുകാർ നടത്തിയ ഒരു തന്ത്രമായി മാത്രമേ ഈ കത്തിനെ കാണാനാകൂ. കൊളോണിയൽ രേഖകളെ അപ്പടി വിഴുങ്ങുന്ന കൊളോണിയൽ വിധേയത്വത്തോട് സഹതപിക്കാം.

